# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയിലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി18/1424/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 26/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയിലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി18/1424/23 തീയ്യതി: 26/10/2023

## പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-12-2022 മുതൽ 16-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ. വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 17-08-2023 | 25-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-08-2023 | 25-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രാജൻ.കെ., ഓഡിറ്റ് ഓഫീസർ

പത്മകുമാർ.സി.എൽ.സീനിയർ ഗ്രേഡ് ഓഡിറ്റർ

രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ഗീത.കെ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.വിഘ്നേഷ്.എസ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സുരേന്ദ്രൻ.എൻ. | സെക്രട്ടറി | 01-04-2022 | 02-10-2022 |
| ശ്രീ.ഷാജി ഡാനിയേൽ.വി. | സെക്രട്ടറി | 03-10-2022 | 24-10-2022 |
| ശ്രീ.അബ്ദുൾ റഹ്മാൻ.എം.ബി, | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-10-2022 | 10-11-2022 |
| ശ്രീ.ഷാജി ഡാനിയേൽ.വി. | സെക്രട്ടറി | 11-11-2022 | 03-02-2023 |
| ശ്രീ.അബ്ദുൾ റഹ്മാൻ.എം.ബി, | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-02-2023 | 10-02-2023 |
| ശ്രീ.ഷാജി ഡാനിയേൽ.വി. | സെക്രട്ടറി | 11-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രതീഷ്.പി.പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 24-10-2022 |
| ശ്രീ.അബ്ദുൾ റഹ്മാൻ.എം.ബി, | അസിസ്റ്റന്റ് സെക്രട്ടറി | 25-10-2022 | 31-03-2023 |
| ഡോ.കീർത്തി അശോകൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ഡോ.സിഞ്ചു.സി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 12-06-2022 |
| ഡോ.നീതു വിക്രം.എം.ബി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 13-06-2022 | 31-03-2023 |
| ശ്രീ.രമേശ്.എം. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 15-04-2022 |
| ശ്രീമതി.കാവ്യ. കെ.കുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 16-04-2022 | 24-09-2022 |
| ശ്രീ.രമേശ്.എം. | അസിസ്റ്റന്റ് എഞ്ചിനിയർ | 25-09-2022 | 14-10-2022 |
| ശ്രീമതി.സിജി ജോസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 15-10-2022 | 31-03-2023 |
| ശ്രീ.ഫാസിൽ.പി.എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.കൃഷ്ണ.എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.ജിജിമോൾ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷിജു.കെ. | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി.കവിത.കെ. | വി.ഇ.ഒ. | 01-04-2022 | 03-08-2022 |
| ശ്രീമതി.സോജ.ആർ. | വി.ഇ.ഒ. | 04-08-2022 | 31-03-2023 |
| ശ്രീ.പത്മകുമാർ.ബി. | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.രാമനാരായണൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ഡോ.സൂസൻ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇ പേയ്മെന്റ് തുകകൾ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല | 1-1-1 |
| 3 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക അവലോകനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | വസ്തു നികുതി പരിഷ്കരണം - അവലോകനം | 1-11 |
| 16 | സ്ഥാപനമേധാവി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. | 1-12 |
| 17 | പന്നി ഫാമുകൾക്ക് ലൈസൻസ് നൽകൽ | 1-13 |
| 18 | വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-14 |
| 19 | റസിഡൻഷ്യൽ ഹോം സ്റ്റേ ക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല. | 1-14-1 |
| 20 | പന്നി ഫാമിന് ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു. | 1-14-2 |
| 21 | ഉപയോഗിക്കുന്ന ടാപ്പുകളുടെ മാത്രം വെള്ളക്കരം അടവാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. | 1-15 |
| 22 | ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സോളാർ സംവിധാനം ദീർഘിപ്പിക്കൽ-പൂർത്തീകരണം അറിയിക്കേണ്ടതാണ് | 1-16 |
| 23 | എം.സി.എഫിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതാണ് | 1-17 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-18 |
| 25 | എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-19 |

| | | |
|---|---|---|
| 26 | ഗോത്രസാരഥി പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-20 |
| 27 | പാലിന് സബ്സിഡി പ്രൊജക്റ്റ് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു | 1-21 |
| 28 | ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 1-22 |
| 29 | വയോജനങ്ങൾക്ക് കട്ടിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല. | 1-23 |
| 30 | മരാമത്ത് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-24 |
| 31 | മരാമത്ത് പ്രവൃത്തികൾ-പൊതു അവലോകനം | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നല്കിയത് | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രിക - സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.6.23-ാം തീയതിയിലെ 6(1)-ാം നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023-ന് പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അയിലൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

1. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
2. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

   വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

   അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 26/10/2023

ഡെപ്യൂട്ടി ഡയറക്ടർ

2022-23 ലെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി താഴെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി : 17/24.8.23)

#### 1-1-1 ഇ പേയ്മെന്റ് തുകകൾ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല

SBI നെന്മാറ (അക്കൗണ്ട് നമ്പർ- 67231263437) മാർച്ച് 2023 ലെ റികൺസിലിയേഷൻ പ്രകാരം 9-2-23 തീയതി മുതലുള്ള തനത് ഫണ്ട് വരവുകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാതെ അവശേഷിക്കുന്നുണ്ട് (ആകെ 13518/- രൂപ).

പ്രസ്തുത തുകകൾ തിട്ടപ്പെടുത്തി രശീത് ചെയ്ത് പരാമർശത്തിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-1-2 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9235480/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7670614/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ സാമ്പത്തിക വർഷ അവസാനത്തിലാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 07/03/2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 04/03/2023 തീയതിയിലെ 3/1- നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | വാർഷിക ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 18564087 | 18167025 |
| വരവ് | 36,85,21,000 | 36,85,21,000 |
| ആകെ | 38,70,85,087 | 38,66,88,025 |
| ചെലവ് | 38,34,40,000 | 38,31,65,000 |
| നീക്കിയിരിപ്പ് | 36,45,087 | 35,23,025 |

### 1-3 സാമ്പത്തിക അവലോകനം

| മുന്നിരിപ്പ് | 27787211 |
|---|---|
| വരവ് | 51711451 |
| ആകെ | 79498662 |
| ചെലവ് | 42475971 |

| | |
|---|---|
| നീക്കിയിരിപ്പ് | 37022691 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 26190324 | 26190324 | 26156659 | 33665 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 11543789 | 11543789 | 11070792 | 472997 |
| വികസനഫണ്ട് -ടി.എസ്.പി (***) | 0 | 1991087 | 1991087 | 1648314 | 342773 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് ($) | 0 | 37757000 | 37757000 | 14909445 | 22847555 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7799000 | 7799000 | 5874973 | 1924027 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | 1980182 | 4007283 | 5987465 | 5902326 | 85139 |
| അടിസ്ഥാന ഗ്രാന്റ്(സ്പിൽ ഓവർ) | 0 | 1052627 | 1052627 | 56485 | 996142 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 3958543 | 5682000 | 9640543 | 5104485 | 4536058 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ്സ്പിൽ ഓവർ) | 0 | 2829545 | 2829545 | 2829545 | 0 |

**- പ്രോജക്റ്റ് നം.232/23 ലെ 215220/- രൂപയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

(***) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുള്ള ചെലവ് തുകയായ 139497 രൂപ മേൽ

പട്ടികയിലെ വികസന ഫണ്ട് - TSP ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

($) എ.സി.ആറും വാർഷിക കണക്കിലെ ചെലവും തമ്മിൽ 1913402/- രൂപയുടെ വ്യത്യാസം ഉണ്ട്. ഈ വ്യത്യാസങ്ങളുടെ കാരണം വ്യക്തമാക്കേണ്ടതാണ്. ആയത് 2022-23-ലെ വാർഷിക കണക്കിനെ എങ്ങിനെ ബാധിച്ചു എന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 532508 | 1906124 | 2438632 | 423500 | 2015132 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 637 | 1090185 | 1090822 | 1089304 | 1518 |
| എം.എൻ.ആർ. ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 32304842 | 32304842 | 32304842 | 0 |
| ആകെ | 637 | 33395027 | 33395664 | 33394146* | 1518 |

വാർഷിക കണക്കിലെ അഡ്മിൻ ചെലവ് , EFMS വരവ് എന്നിവ കണക്കിലെടുത്ത ശീർഷകത്തിലെ വ്യത്യാസം മൂലം I-14-F-യിലെ തുകയാണ് EFMS വരവ് + അഡ്മിൻ ചെലവ്. വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-ശുചിത്വ മിഷൻ ഗ്രാന്റ് | 846956 | 216000 | 1062956 | 451000 | 611956 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 36779 | 0 | 36779 | 0 | 36779 |
| ലൈഫ് | 400000 | 7900000 | 8300000 | 380000 | 7920000 |
| ജലനിധി (*) | 252793 | 2376 | 255169 | 209923 | 45246 |
| ഹെൽത്ത് ഗ്രാന്റ് | 0 | 136510 | 136510 | 0 | 136510 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 267532 | 267532 | 31851 | 235681 |

(*) മുൻ വർഷത്തെ നീക്കിയിരിപ്പ് തുകയും തൻ വർഷത്തെ മുന്നിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല. 42870 രൂപയുടെ വ്യത്യാസമുണ്ട്. വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 258 | 299004912 | 180 | 76859078 | 0 | 78 | 69.7 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 8005200 | 6621890 | 82.71 |
| വെറ്ററിനറി സർജ്ജൻ | 15 | 13 | 5686926 | 3591326 | 63.15 |
| മെഡിക്കൽ ഓഫീസർ-PHC | 9 | 5 | 2609733 | 1393273 | 53.38 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 3 | 3 | 700000 | 690997 | 100 |
| വി.ഇ.ഒ | 28 | 27 | 98375743 | 9838521 | 10 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 12 | 9556200 | 6915768 | 72.36 |
| സെക്രട്ടറി | 36 | 25 | 17042263 | 11289530 | 66.24 |
| അസി.സെക്രട്ടറി | 7 | 6 | 2110934 | 1759219 | 83.33 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 132 | 77 | 65291279 | 24276461 | 37.18 |
| എച്ച്.എം | 8 | 6 | 1935710 | 1002490 | 51.78 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1200000 | 1200000 | 100 |

| | | | | | |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 372594 | 79994 | 21.46 |
| ആകെ | 258 | 180 | 299004912 | 76859078 | 25.7 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 637 | 1090185 | 1090822 | 1089304 | 1518 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 32304842 | 32304842 | 32304842 | 0 |
| ആകെ | 637 | 33395027 | 33395664 | 33394146* | 1518 |

വാർഷിക കണക്കിലെ അഡ്മിൻ ചെലവ്, EFMS വരവ് എന്നിവ കണക്കിലെടുത്ത ശീർഷകത്തിലെ വ്യത്യാസം മൂലം I-14-F-യിലെ തുകയാണ് EFMS വരവ്+ അഡ്മിൻ ചെലവ്. വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 10928800 | 1016 |
| 2 | വിധവാ പെൻഷൻ | 14740200 | 1330 |
| 3 | വാർദ്ധക്യകാല പെൻഷൻ | 25362000 | 2488 |
| 4 | വികലാംഗ പെൻഷൻ | 3847200 | 351 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 759400 | 69 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 18-08-2023 തീയതി ഉച്ചതിരിഞ്ഞ് 3.34 ന് അസി. സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി 3741/- ( മൂവായിരത്തി എഴുന്നൂറ്റി നാല്പത്തിയൊന്ന് ) രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ കാര്യമായ അപാകതകൾ കണ്ടെത്തിയില്ല. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തേണ്ടതാണ്. ഇ-പേമെന്റ് തുകകൾ ക്രെഡിറ്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനങ്ങൾ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം ആണെന്നുറപ്പുവരുത്തേണ്ടതും സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്. പദ്ധതികൾ അതാതു സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും സർക്കാർ ഗ്രാന്റുകൾ നഷ്ടമാവാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.1.2023 | 12/2022 | 20.1.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.04.2019 മുതൽ 10.05.2019 വരെ | 2014-15 മുതൽ 2018-19 വരെ | 10.06.2019 |

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിലെ 31 ഖണ്ഡികകളും എ. ജി ഓഡിറ്റ് റിപ്പോർട്ടുകളിലെ മൂന്ന് ഖണ്ഡികകളും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

## 1-11 വസ്തു നികുതി പരിഷ്കരണം - അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് 5 വർഷത്തേക്ക് 22.03.2023 ലെ സ.ഉ.(കൈ) നമ്പർ 77/2023/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം 25% വർദ്ധനവ് വരുത്തിയാണ് നികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും സർക്കാർ ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തു നികുതി നിർണ്ണയ നടപടികളും വസ്തു നികുതി നിർണ്ണയത്തിനു ശേഷം തറ വിസ്തീർണത്തിനും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തു നികുതിയിൽ നല്കാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

5/04/2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/2023/തസ്വഭവ എസ്.ആർ.ഒ നമ്പർ 479/2023

വിജ്ഞാപന പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപയോഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാനത്തിൽ വസ്തു നികുതി നിരക്കുകൾ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2023 ഏപ്രിൽ 1 മുതൽ അഞ്ചു വർഷ കാലയളവ് പൂർത്തിയാക്കുന്നതുവരെ തുടർന്നുള്ള ഓരോ വർഷവും ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ 5 % വീതം വർദ്ധനവ് വരുത്തുന്നതാണെന്നും വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ സഞ്ജയഡാറ്റാ ബേസ് പ്രകാരം 17 വാർഡുകളിലായി 10543 കെട്ടിടങ്ങളാണ് ഉള്ളത്. ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

1) അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കൽ

സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/10-4-2023) പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും 15/5/2023 തീയതിയിലെ ഭരണസമിതിയുടെ 1(1) നമ്പർ പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കരട് വിജ്ഞാപനം 24/05/23 ലെ ദേശാഭിമാനി പത്രത്തിൽ പരസ്യം ചെയ്തിട്ടുണ്ട്.

കരട് വിജ്ഞാപനത്തിനു ശേഷം ആക്ഷേപമില്ലെങ്കിൽ 30 ദിവസത്തിനു ശേഷം ഭരണസമിതിയുടെ അംഗീകാരത്തിൻ പ്രകാരം വസ്തു നികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയിൽ മാറ്റം വരുത്താവുന്നതാണ്.

ആക്ഷേപങ്ങൾ ലഭ്യമാകാത്തതിനാൽ 30/06/23 തീയതിയിലെ ഭരണസമിതിയുടെ 7(1)നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പരിഷ്കരണം അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2.വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങളും വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്/ഇളവ് നല്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 3/18-8-23 ന് മറുപടിയായി 12.01.2012 ലെ 1ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുള്ള മേഖലകളും റോഡുകളും തുടരാനാണ് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത് ( 15/5/23 ലെ 1/1 ഭരണസമിതി തീരുമാനം)

3. വിവരശേഖരണവും ഡാറ്റാ എൻട്രിയും

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഐ.ടി.ഐ/ ഐ.ടി.സി/സിവിൽ -ഡിപ്ലോമ/സിവിൽ സർവ്വെയർ എന്നീ യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാന പ്രകാരം ഒരു കെട്ടിട നമ്പരിന് 30/- രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്.

കെട്ടിടങ്ങളെ സംബന്ധിച്ച് വിവര ശേഖരണത്തിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിശ്ചിത യോഗ്യതയുള്ള 8 ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തിട്ടുണ്ട് ( 15.5.23 ലെ 1(2) ഭരണസമിതി തീരുമാനം)

കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ മാറ്റം വരുത്തുകയോ സംബന്ധിച്ച് കെട്ടിട ഉടമകൾ നല്കുന്ന അറിയിപ്പ് ( ഫോറം 9ബി) 29 എണ്ണം അപേക്ഷകളാണ് ഗ്രാമപഞ്ചായത്തിന് നിലവിൽ ലഭിച്ചിട്ടുള്ളത്.

22.03.2023 തീയതിയിലെ സ.ഉ.(കൈ)നം.77/2023/LSGD ഉത്തരവ് പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കേണ്ടതാണ്.

## 1-12 സ്ഥാപനമേധാവി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16ൽ (1) പ്രകാരം സെക്രട്ടറിക്ക് തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണ്. ഒരു അർദ്ധവർഷത്തെ തൊഴിൽനികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറിയ്ക്ക് 1ാം നമ്പർ ഫോറത്തിൽ ഓഫീസ് തലവനോടോ തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ 15 ദിവസത്തിനുള്ളിൽ IIാം നമ്പർ ഫോറത്തിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. ഡിമാന്റ് നോട്ടീസ് ഗ്രാമപഞ്ചായത്ത് എം.ഇ.എസ് ട്രസ്റ്റ് പബ്ലിക് സ്കൂൾ, അടിപ്പെരണ്ട എന്ന സ്ഥാപനത്തിന്റെ മേധാവിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും തൊഴിൽ നികുതി റിട്ടേണിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയ തൊഴിൽ നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക | ഈടാക്കിയ തൊഴിൽ നികുതി (ഒന്നാം അർദ്ധവർഷം) | രസീതി നം &തീയതി | ഈടാക്കിയ തൊഴിൽ നികുതി (രണ്ടാം അർദ്ധവർഷം) | രസീതി നം &തീയതി |
|---|---|---|---|---|---|---|
| 1 | ബീന | റിട്ടേണിൽ രേഖപ്പെടുത്തിയിട്ടില്ല | 120 | 1220104505 തീ 31/03/23 | 120 | 1220104505 തീ 31/03/23 |
| 2 | സുൽത്താൻ | | 120 | | 120 | |
| 3 | ജിൻസി | | 120 | | 120 | |
| 4 | ദിവ്യ | | 120 | | 120 | |

സ്ഥാപനമേധാവി നൽകിയ റിട്ടേണുകളിൽ രേഖപ്പെടുത്തിയ തൊഴിൽ നികുതി ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. അർദ്ധവാർഷിക വരുമാനം പരിശോധിക്കാതെ എപ്രകാരമാണ് മേൽ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 4-19/08/23 ന് ജീവനക്കാരുടെ ശമ്പളം തിട്ടപ്പെടുത്തി രേഖാമൂലം ലഭ്യമാകുന്നതിന് കത്ത് നല്കിയതായി അറിയിച്ചിട്ടുണ്ട്.തൊഴിൽ നികുതി കണക്കാക്കിയതിൽ വ്യത്യാസമുള്ള പക്ഷം തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 പന്നി ഫാമുകൾക്ക് ലൈസൻസ് നൽകൽ

2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 6 പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ

വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിൻമേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 2 പന്നി ഫാമുകൾക്കാണ് പുതിയതായി ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ലൈസൻസ് നമ്പർ & തീയതി | ലൈസൻസിയുടെ പേര്/ ഫാമിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് | ക്ലാസ് |
|---|---|---|---|---|
| 1 | എ2/3860/22 തീ 19/11/22<br>Concent No. KSPCB/PL /ICO/10006941/22 Dt 31/07/22 | സിബി. എം.എൽ, സെന്റ് ജോർജ്ജ് ഫാം | 2000 | Iv |
| 2 | എ2/3868/22 തീ 19.11.22<br>Concent No. KSPCB/PL /ICO/10006969/22 Dt 3/10/22 | എൽദോ.എം. ഐ സെന്റ് ജോർജ് പിഗ് ഫാം | 2000 | Vi |

ലൈസൻസ് നല്കിയതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം 6-22/08/23 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. ഫയൽ പരിശോധിച്ചതിൽ ഫാം സ്ഥാപിക്കുവാൻ അനുമതി നല്കിയ ഗ്രാമപഞ്ചായത്ത് തീരുമാനവും വിശദമായ അന്വേഷണ റിപ്പോർട്ടും ലഭ്യമായില്ല. പഞ്ചായത്തിന്റെ അനുമതിക്കായി സമർപ്പിക്കാൻ വിട്ടുപോയതാണെന്നും ഓഡിറ്റ് പരാമർശത്തേ തുടർന്ന് 26/08/23 ന് കൂടുന്ന പഞ്ചായത്ത് യോഗത്തിൽ സാധൂകരണത്തിനായി അജണ്ടയിൽ ഉൾപ്പെടുത്തിയതായാണ് അറിയിച്ചിട്ടുള്ളത്.

2. ക്ലാസ് Iv ന് 200 പന്നികൾ വരെ വളർത്തുന്നതിന് ചട്ടം 7(3) പട്ടികയിലെ ഫീസ് 500/- രൂപയാണ്. ക്രമ നമ്പർ 1 ൽ ഉൾപ്പെട്ടവരിൽ നിന്ന് 2000/- രൂപയാണ് ഈടാക്കിയിരിക്കുന്നത്.

സ്ഥലപരിശോധന നടത്തി പന്നികളുടെ എണ്ണം തിട്ടപ്പെടുത്തി ഫീസ് നിശ്ചയിക്കുന്നതും അധികമായി ഈടാക്കിയിട്ടുള്ള ഫീസ് തുടർവർഷങ്ങളിൽ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3. ലൈവ്സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചതിൽ ഫാമിൽ പാലിച്ചുപോരേണ്ട മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങളുടെ വിശദവിവരം നൽകിയിട്ടില്ല.
ആയത് പരിശോധിച്ച് ഉറപ്പാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

4. ലൈവ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2021-22 വർഷത്തിൽ 13/602 കെട്ടിടത്തിൽ അവറാച്ചൻ.കെ.എം, കുറവക്കാട് ഹൗസ്, ഒലിപ്പാറ എന്നവർക്കും 11/543 കെട്ടിടത്തിൽ സുധ W/o ബിജു ഉളുപ്പ്, കുടാരത്തിൽവീട്, കരിമ്പാറ എന്നവർക്കും പന്നി & കന്നുകാലി ഫാം നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. സഞ്ചയ ഡാറ്റ ബേസിലും പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം പന്നി ഫാം എന്നതിലാണ് ഉൾപ്പെട്ടിരിക്കുന്നത്. പ്രസ്തുത ഫാമുകളുടെ ലൈസൻസ് പുതുക്കിയിട്ടില്ല. നിലവിൽ ഈ ഫാമുകൾ തുടർന്ന് നടത്തി വരുന്നുണ്ടോ എന്നറിയിക്കാൻ ആവശ്യപ്പെട്ടതിന് പ്രസ്തുത ഫാം നിലവിൽ പ്രവർത്തിക്കുന്നുവെങ്കിൽ ലൈസൻസ് എടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

5. ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ ചട്ടങ്ങളിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനു വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള (ചട്ടം 10(1)) പരിശോധന നടത്തിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-14 വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

വസ്തുനികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-14-1 റസിഡൻഷ്യൽ ഹോം സ്റ്റേ ക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല.

സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് (സ.ഉ(അ)നം.53/2020 /തസ്വഭവ തിയതി 8-9-2020 ) വിജ്ഞാപന പ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചിട്ടില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ 1-15-1 റസിഡൻഷ്യൽ ഹോം സ്റ്റേക്ക് വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചു കാണുന്നില്ല. (ഓഡിറ്റ് അന്വേഷണം 10-22/08/23 )

22.03.23 ലെ സ.ഉ (കൈ) നം77/2023/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം 1.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് അന്തിമ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. പുതുക്കിയ നിരക്ക് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിന് സൗകര്യം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

### 1-14-2 പന്നി ഫാമിന് ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു.

ഗിരീഷ്, നിഷ ഗിരീഷ്, നിർമ്മല, ദേവകി, പൂഞ്ചേരി, കയറാടി എന്നിവരുടെ ഉടമസ്ഥതയിൽ 12/529 നമ്പർ കെട്ടിടത്തിനും (ഫയൽ നമ്പർ എ1-3165/22). സിബി. എം.എൽ S/o.ലൂക്ക, മൂത്തേടത്ത് ഹൗസ് എന്നവരുടെ ഉടമസ്ഥതയിലുള്ള 12/530 കെട്ടിടത്തിനും പന്നി ഫാം നടത്തുന്നതിന് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട് (ഫയൽ നമ്പർ എ1-3261/22). ഓവർസീയറുടെ റിപ്പോർട്ട് , കംപ്ലീഷൻ പ്ലാൻ പ്രകാരവും ടി കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം യഥാക്രമം 393.70 ച.മീ, 158 ച.മീ ആണ്.

വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കോഴി വളർത്തൽ ഹെഡ് എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തുന്നതിനു പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. ലൈവ് സ്റ്റോക്ക് ഷെഡിന് ചതുരശ്ര മീറ്ററിന് 10 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ ന് 30/- രൂപയുമാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ.

<u>നിർണ്ണയിച്ച വസ്തുനികുതി</u>

1. കെട്ടിട നമ്പർ 12/529

BT - 9449, SC – 1890, LC -473 ആകെ - 11812/- രൂപ

2. കെട്ടിട നമ്പർ 12/530

BT - 2844, SC – 569 LC -143 ആകെ - 3556/- രൂപ

പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം ഗോഡൗണിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചതിന്റെ കാരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം 10-22/08/23) ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പണാകുന്ന സമയത്ത് നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

<u>1-15 ഉപയോഗിക്കുന്ന ടാപ്പുകളുടെ മാത്രം വെള്ളക്കരം അടവാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.</u>

2022-23 ൽ പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട്- 088/23-പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ- 752436 രൂപ(532436 MG-NR+ 220000-തനത് ഫണ്ട് )

ചെലവ്- 501624 രൂപ( MG-NR)

BR നം- 22140652004100834844/28-11-22- 501624 രൂപ

2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിലേക്ക് വെള്ളക്കരം ഒടുക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ചെലവ് രേഖകളനുസരിച്ച് 2022ഏപ്രിൽ മുതൽ 2022 നവംബർ മാസം വരെയുള്ള അതത് മാസത്തെ ഡിമാന്റ് തുകയായ 62703 രൂപ പ്രകാരമാണ് തുക അടവാക്കിയിരിക്കുന്നത്. ടാപ്പൊന്നിന് ഒരു വർഷം 5788.13 രൂപയാണ് ചാർജ്ജ്. 2022 നവംബർ മാസത്തെ ഡിമാന്റ് (Bill No-68224/5-11-2022) അനുസരിച്ച് 130 ടാപ്പുകളുടെ വാട്ടർചാർജ്ജ് 62703 രൂപയും, കുടിശ്ശിക 899022 രൂപ, പിഴ 17658 രൂപയും ചേർത്ത് 979383 രൂപയാണ്. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ ഓരോ മാസത്തെയും ബില്ലിൽ കുടിശ്ശിക തുകയും പിഴയും ഡിമാന്റ് ചെയ്തിട്ടുണ്ട്. ഈ കുടിശ്ശിക ഏത് കാലയളവിലേതാണെന്ന് വ്യക്തമല്ല. കുടിശ്ശിക ഉണ്ടാകുവാനുള്ള കാരണവും കുടിശ്ശിക നിവാരണത്തിനായി നടപടികൾ സ്വീകരിച്ചതിന്റെയും വിവരം അറിയിക്കേണ്ടതാണ്.

പ്രസ്തുത കുടിശ്ശിക വാർഷികകണക്കിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിട്ടില്ല.

2022 ഡിസംബറിൽ പൊതുടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമത എന്നിവ വിലയിരുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. റിപ്പോർട്ടനുസരിച്ച് 99 പൊതുടാപ്പുകൾ മാത്രമാണെന്നതിനാൽ വെള്ളക്കരം പുനഃക്രമീകരിക്കുവാൻ സെക്രട്ടറി 11-1-2023ന് KWA അസി. എഞ്ചിനിയർക്ക് (പി.എച്ച്.സെക്ഷൻ നെന്മാറ ) 400813/WSDCO2 /General/2023/14(1) നമ്പർ കത്ത് നല്കിയിട്ടുണ്ട്. 2023 ഓഗസ്റ്റ് മാസത്തെ ബില്ലിലും 130 ടാപ്പുകളുടെ

വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുണ്ട്.

സംയുക്ത പരിശോധനാ റിപ്പോർട്ടിനനുസരിച്ച് വെള്ളക്കരം ഇതുവരെയായി ക്രമീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്. ഉപയോഗിക്കുന്ന വെള്ളത്തിനുമാത്രമേ തുക അടവാക്കുന്നുള്ളൂ എന്നത് ഉറപ്പാക്കുവാൻ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കുകയും ചെയ്യേണ്ടതാണ്. (എൻക്വയറി നം 7/21-8-23)

## 1-16 ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സോളാർ സംവിധാനം ദീർഘിപ്പിക്കൽ- പൂർത്തീകരണം അറിയിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്ട് – 190/23- ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സോളാർ സംവിധാനം ദീർഘിപ്പിക്കൽ
അടങ്കൽ – 1002650രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 854232+വികസന ഫണ്ട് ജനറൽ-148418)
ചെലവ് – 1002650രൂപ

ബിൽ നം- 30/6-3-23- 854232 രൂപ (CFC)

ബിൽ നം- 35/17-3-23- 148418 രൂപ (വികസന ഫണ്ട് ജനറൽ)

അയിലൂർ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും സോളാർ പാനലിൽ നിന്നും വൈദ്യുതി ലഭ്യമാക്കി സമ്പൂർണ സോളാർ ഓഫീസാക്കി മാറ്റുന്നതിനായി 2022-23 വർഷത്തിൽ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ഇക്കാര്യത്തിനായി ANERTലേക്ക് 1002650 രൂപ നല്കിയിട്ടുണ്ട്. അനർട്ടുമായുള്ള 17-3-2023ലെ എഗ്രിമെന്റ് പ്രകാരം (നമ്പർ രേഖപ്പെടുത്തിയിട്ടില്ല) 7.5 Kwp ഹൈബ്രിഡ് സോളാർ പവർ പ്ലാന്റ് ആണ് സ്ഥാപിക്കേണ്ടത്. പ്ലാന്റ് സ്ഥാപിക്കുന്നതിന് കത്തിടപാടുകൾ നടന്നിട്ടുണ്ടെങ്കിലും പ്രോജക്ടിന്റെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായില്ല.
പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി ലക്ഷ്യം കൈവരിച്ചോ എന്നും, പ്ളാന്റിന്റെ തുടർപരിപാലനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും അറിയിക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി 9/22-8-23 നല്കിയതിന് പ്ളാന്റിനാവശ്യമായ ബാറ്ററികൾ സ്ഥാപിച്ചു കഴിഞ്ഞുവെന്നും കണക്ഷൻ നല്കുന്നതിനുള്ള ത്രീ ഫേസ് കണക്ഷൻ ലഭ്യമാക്കി സോളാർ പ്ലാന്റിന് കണക്ഷൻ ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചു. പ്ളാന്റ് പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 1-17 എം.സി.എഫിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 2019 ജൂലൈ മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്.വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്.ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

അയിലൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം, തൊഴിൽസാഹചര്യം

എന്നിവയെക്കുറിച്ച് ഹരിതകർമസേനാംഗങ്ങളിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ:

1. പഞ്ചായത്തിലെ 17 വാർഡുകളിൽ 14 എണ്ണത്തിൽ മാത്രമാണ് മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുള്ളത്. എം.സി.എഫ് സജ്ജീകരിച്ചിട്ടുണ്ടെങ്കിലും മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. പ്രധാന എം.സി.എഫ് നിലവിൽ പ്രവർത്തിക്കുന്നത് അടിപ്പെരണ്ട എന്ന സ്ഥലത്താണ്. ഇതു കൂടാതെ പാളിയമംഗലം എന്ന സ്ഥലത്തും എം.സി.എഫ് സജ്ജീകരിച്ചിട്ടുണ്ട് .രണ്ട് സ്ഥലത്തും വെള്ളം , ടോയ് ലെറ്റ് പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടില്ല. സർക്കാർ ഉത്തരവനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങളും സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. മിനി എം.സി.എഫ് ഇല്ലാത്തിടത്ത് പുതിയവ സ്ഥാപിക്കുന്നതിനും, എം.സി.എഫിൽ ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ സഹിതം മറുപടി ലഭ്യമാക്കണമെന്നറിയിച്ച് എൻക്വയറി നല്കിയതിന് താഴെ കൊടുത്തിരിക്കുന്ന മറുപടി ലഭിച്ചു ."എം.സി.എഫ് പ്രവർത്തിക്കുന്ന വാർഡിനോട് ചേർന്നുള്ള സ്ഥലങ്ങളിലാണ് മിനി എം.സി.എഫ് ഇല്ലാത്തത് എന്നും ആവശ്യം വരുന്ന സാഹചര്യത്തിൽ നിർമ്മിച്ചു നല്കുന്നതാണ് എന്നും, എം.സി.എഫിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി 2023-24ൽ പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട് എന്ന് അറിയിച്ചു.

2. ഹരിതകർമ്മസേനയുടെ കളക്ഷൻ രജിസ്റ്റർ അനുസരിച്ച് മാർച്ച് 2023 ലെ സ്ഥിതിവിവരകണക്കുകൾ താഴെ ചേർക്കുന്നു.

17 വാർഡുകളിലായി 6762 വീടുകളിൽ കളക്ഷനായി സന്ദർശിച്ചതിൽ 2163 വീടുകളിൽ നിന്നു മാത്രമാണ് യൂസർ ഫീ ലഭിച്ചിട്ടുള്ളത്. 148 കടകളിൽ 73 എണ്ണത്തിൽ നിന്നുമാണ് യൂസർ ഫീ ലഭിച്ചത്. വീടുകൾക്ക് 50 രൂപയും, കടകൾക്ക് 100 രൂപയുമാണ് ഫീ ഈടാക്കുന്നത്.

യൂസർ ഫീ നല്കാത്ത/ഹരിതകർമസേനയുമായി സഹകരിക്കാത്ത ആളുകളുടെ ലിസ്റ്റ് ഭരണസമിതിയ്ക്ക് കൈമാറിയിട്ടുണ്ട് എന്നറിയിച്ചു.
മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും ഹരിത കർമസേനയുടെ പ്രവർത്തനം ഫലപ്രദമാക്കുമാവാനും നടപടി സ്വീകരിക്കേണ്ടതാണ്.
ഇക്കാര്യങ്ങൾ അറിയിച്ച് എൻക്വയറി നം 15/24-8-23 നല്കിയതിന് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വിവിധ പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട് എന്നും ഇവ പൂർത്തിയാകുന്ന മുറയ്ക്ക് സൗകര്യങ്ങൾ പര്യാപ്തമാവുമെന്നും അറിയിച്ചു. ഇതു കൂടാതെ തുടർച്ചയായി യൂസർ ഫീ നല്കാത്തവർക്ക് പഞ്ചായത്ത് നോട്ടീസ് അയച്ചിട്ടുണ്ടെന്നും അറിയിച്ചു. ഭരണസമിതിയുടെ നേതൃത്വത്തിൽ യൂസർഫീ കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടെന്നും അറിയിച്ചു.

1-18 തൊഴിലുറപ്പ് പദ്ധതി

2022-23 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 5449 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 393 പദ്ധതികളിൽ 121 എണ്ണം നടപ്പാക്കി. ഇതിൽ 37 പദ്ധതികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തികൾ 23 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| പ്രവൃത്തി ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|
| മണ്ണ്- ജല സംരക്ഷണം | 64 |
| ഭൂവികസനം | 9 |
| പരമ്പരാഗത ജല | 24 |

| | |
|---|---|
| സ്രോതസ്സുകളുടെ പുനരുദ്ധാരണം | |
| ഭവന നിർമ്മാണം ഉൾപ്പെടെ മറ്റു പ്രവൃത്തികൾ | 16 |
| വൃക്ഷത്തൈ നടലും പരിപാലനവും | 8 |

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

1-19 എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്ട് നം/ പേര് | 276/23, എ.ബി.സി പദ്ധതിക്ക് പഞ്ചായത്ത് വിഹിതം |
| അടങ്കൽ | 350000- തനത് ഫണ്ട് |
| ചെലവ് | 350000 -തനത് ഫണ്ട് |

തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനായുള്ള പ്രവർത്തനങ്ങൾക്കായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് (നം-799011400002200 STSB പാലക്കാട്) 350000 രൂപ നിർവഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ ട്രാൻസഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. തുക ചെലവഴിച്ച വിനിയോഗ സാക്ഷ്യ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.13/23.8.23) മറുപടി ലഭ്യമായിട്ടില്ല . പ്രോജക്ട് (പദ്ധതി) പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-20 ഗോത്രസാരഥി പദ്ധതി നടത്തിപ്പിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | 235/23 ( ഗോത്രസാരഥി പദ്ധതി) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 169590/- (വികസനഫണ്ട്-ടി.എസ്.പി) |
| ചെലവ് | 25000/- |
| ബിൽ നം/ തിയതി | 3/18.3.23, ₹.25000/- |

വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി. സ.ഉ(സാധാ) നം.725/2020/തസ്വഭവ തി.01-04-2020 പ്രകാരം ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്തുകൾക്ക് ടി.എസ്.പി പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഈ പ്രോജക്ട് മുഖേന അയിലൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുത്തൻചള്ള, പയ്യാംകോട്, മയിലാടുംപതത എന്നീ കോളനികളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 9 വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ലൂർദ്ദ്മാതാ ഹൈസ്കൂൾ, മംഗലംഡാം പോകാൻ വാഹനസൗകര്യം നൽകുന്നതാണ് പദ്ധതി.

അയിലൂർ ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക്

വാഹനസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ലൂർദ്ദ്മാതാ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് 1.02.2023-ന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വട്ടേഷൻ തുകയായ പ്രതിമാസം 25000/-രേഖപ്പെടുത്തിയ ശ്രീ.അരുൺ, കോതളംകുളമ്പ്, മാങ്കുറിശ്ശി എന്നയാളുടെ KL.70- 0978 നമ്പർ Auto Carഎന്ന വാഹനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2023 ഫെബ്രുവരി മാസത്തെ വാഹനവാടകയായ 25000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ വാഹന ഡ്രൈവർക്ക് അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) അയിലൂർ ഗ്രാമപഞ്ചായത്തിലെ 04.01.23 തീയതിയിലെ 15(2) നമ്പർ തീരുമാന പ്രകാരം ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് യാത്രാസൌകര്യം നൽകുന്നതിന്റെ നടപടികൾ സ്വീകരിക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ അയിലൂർ ജി.യു.പി.എസ്സ്-നെ ചുമതലപ്പെടുത്തിയെങ്കിലും വാഹനത്തിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതും വാഹനം ഏർപ്പാടാക്കിയതും ലൂർദ്ദ്മാതാ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ആണ്.

2) ഗോത്രസാരഥി പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം ഓരോ കോളനിയിൽ നിന്നും സ്കൂളിൽ പോയി വരുന്ന കുട്ടികൾ 5 എണ്ണമോ അതിൽ കുറവോ ആണെങ്കിൽ ആട്ടോറിക്ഷയും 5 മുതൽ 12 വരെയാണെങ്കിൽ ജീപ്പും അതിൽ കൂടുതൽ ആണെങ്കിൽ അനുയോജ്യമായ വാഹനവും ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്. എന്നാൽ 9 വിദ്യാർത്ഥികൾക്ക് ആട്ടോറിക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

3) ഗോത്രസാരഥി പദ്ധതിയുടെ മേൽനോട്ടം ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടത്തിയതായി കാണുന്നില്ല.

4) ഗോത്രസാരഥി പദ്ധതിയുടെ ഗുണഭോക്താക്കളായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിശദ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എല്ലാ മാസവും സ്കൂൾ സന്ദർശിക്കേണ്ടതും മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ മോണിറ്ററിങ്ങ് നടത്തിയതായി കാണുന്നില്ല.

6) ഗോത്രസാരഥി പദ്ധതിയുടെ ഗുണഭോക്താക്കളായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അയിലൂർ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കേണ്ടതാണ്. ഈ വിഷയത്തിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.18/24.8.23) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥൻ തന്നെ ചുമതലപ്പെടുത്തിയ പദ്ധതി പൂർണ്ണമായും സ്വന്തമായി നടപ്പിലാക്കേണ്ടതുമാണ്.

### 1-21 പാലിന് സബ്സിഡി പ്രൊജക്റ്റ് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2022-23 വർഷത്തിൽ പാലിന് സബ്സിഡി നൽകുന്നതിനായി ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. 2022ഏപ്രിൽ മുതൽ 2023മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്ത് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ നിരക്കിൽ പാലിന് സബ്സിഡി നല്കിയിട്ടുണ്ട്. ആറ് ക്ഷീര സംഘങ്ങളിലായി 382 ക്ഷീരകർഷകർ ആണ് ഉള്ളത്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം മുഴുവനുമായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി.

പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ നം./പേര് | അടങ്കൽ | ബിൽ/ചെക്ക് നം. | തുക | സബ്സിഡി യായി തുക നല്കിയ മാസങ്ങൾ |
|---|---|---|---|---|
| 197/23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ – ജനറൽ | വികസന ഫണ്ട്-ജനറൽ 500000<br>ബ്ലോക്ക് പഞ്ചായത്ത് 500000<br>ജില്ലാ പഞ്ചായത്ത്-200000 | 01/23തീ.4.03.23<br>03/23തീ.17.03.23<br>02/23തീ.14.03.23 | 500000<br>500000<br>200000 | 2022 ഏപ്രിൽ മുതൽ 2022ഒക്ടോബർ വരെ |
| | ആകെ 1200000 | | ആകെ 1200000 | |

മുഴുവൻ കാലയളവിലേക്കും ആവശ്യമായ തുക വകയിരുത്തി ആനുകൂല്യം നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.2/18.8.23) വർഷം മുഴുവൻ ധനസഹായം നൽകുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളിൽ ആവശ്യപ്പെടാറുണ്ടെന്നും വികസന ഫണ്ടിൽ നിന്നും ഉൽപ്പാദന മേഖലക്ക് നീക്കിവെക്കുന്ന തുകയുടെ ഒരു പങ്ക് മാത്രമാണ് ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് അനുവദിക്കുന്നതിനായി ലഭ്യമാക്കാറുള്ളത് എന്നും ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ച് കൂടുതൽ കാലത്തേക്ക് ധനസഹായം വരും വർഷങ്ങളിൽ അനുവദിക്കുന്നതാണ് എന്ന മറുപടിയാണ് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. മുഴുവൻ കാലയളവിലേക്കും സബ്സിഡി ലഭ്യമാക്കാനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥൻ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

## 1-22 ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം

2022-23 വർഷത്തെ ലൈഫ് ഭവന നിർമാണ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ എഗ്രിമെന്റ് ചമച്ച് ആദ്യഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഇതുവരെയായി ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് താഴെ ചേർക്കുന്നു.

എസ് സി വിഭാഗം- ഭവനം നിർമാണം പൂർത്തിയാക്കാത്തവർ

പ്രൊജക്റ്റ് നം.104/23 (SO)

അടങ്കൽ- 2800000

ചെലവ്-100000

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യഗഡു കൈപ്പറ്റിയ തീയതി | അനുവദിച്ച തുക | അനുവദി ക്കാനുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കല്ല്യാണി വേലായുധൻ , വീഴിലി,കയറാടി | 13.10.2020 | 360000 | 40000 |

എസ് സി വിഭാഗം- ഭവനം നിർമാണം പൂർത്തിയാക്കാത്തവർ

പ്രൊജക്ട് നം.105/23 (SO)

അടങ്കൽ- 9350000

ചെലവ്-160000

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യഗഡു കൈപ്പറ്റിയ തീയതി | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | ചന്ദ്രൻ ചിന്നൻ. പയ്യാംങ്കോട് കോളനി | 09.02.2021 | 360000 | 40000 |
| 2 | ലക്ഷ്മി, പയ്യാംങ്കോട് കോളനി | 09.02.2021 | 360000 | 40000 |

എസ് ടിവിഭാഗം- ഭവനം നിർമാണം പൂർത്തിയാക്കാത്തവർ

പ്രൊജക്ട് നം.106/23 (SO)

അടങ്കൽ- 9220000

ചെലവ്-920000

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യഗഡു കൈപ്പറ്റിയ തീയതി | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | പ്രമീള, നടപ്പതി, പാറയ്ക്കൽ | 27.08.2021 | 550000 | 50000 |
| 2 | നയന, കോപ്പൻകുളമ്പ്, കൈയറാടി | 20.09.2021 | 340000 | 260000 |

എസ് സി വിഭാഗം- ഭവനം നിർമാണം പൂർത്തിയാക്കാത്തവർ

പ്രൊജക്ട് നം.135/23

അടങ്കൽ- 20483000

ചെലവ്-2480000

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യഗഡു കൈപ്പറ്റിയ തീയതി | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | പ്രിയഹരിദാസ്, നെല്ലിക്കാട്ട് പറമ്പ്, അയിലൂർ | 09.02.2021 | 360000 | 40000 |
| 2 | കല്ല്യാണി ചാമിയാർ, മല്ലൻകുളമ്പ്, കയറാടി | 09.02.2021 | 310000 | 90000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പൂർത്തീകരണത്തിന്റെ നിലവിലെ സ്ഥിതി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.5/19.8.23) ധനസഹായം കൈപ്പറ്റിയ മേൽ ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ഭവന നിർമാണം പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 വയോജനങ്ങൾക്ക് കട്ടിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 60 വയസ്സിൻമേൽ പ്രായമുള്ള വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 192/23 |
| പ്രോജക്ട് | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ |
| അടങ്കൽ | 965000 (പദ്ധതി വിഹിതം - ജനറൽ) |
| ചെലവ് | 602700 (പദ്ധതി വിഹിതം -ജനറൽ) |
| ബിൽ നമ്പർ | 41/30.3.23 373100<br>43/31.3.23 229600 |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി,ഡി,എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS ( TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ പ്രോജക്ട് പ്രകാരം കീർത്തി ഫർണിച്ചർ കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ വാങ്ങലുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്താതെ സപ്ലൈയർക്ക് തുക അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.11/22.8.23) 2022 -2023 സാമ്പത്തിക വർഷത്തിൽ ഈടാക്കേണ്ട 2% ടി.ഡി. എസ് സ്പിൽ ഓവറായി പദ്ധതി വന്നതിനാൽ 2023-2024 വർഷത്തിൽ കീർത്തി ഫർണിച്ചർ കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ പണം നൽകുന്ന വേളയിൽ 2% ടി.ഡി.എസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 മരാമത്ത് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ

ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ല്യ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം ഓരോ പ്രാവശ്യവും അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. എന്നാൽ അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതുമാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് (പരമാവധി അസ്സൽ കാലാവധിയുടെ 50%) പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് ഫൈനൽ ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

(1)

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 25/23 – അയിലൂർ മൃഗാശുപത്രി മെയിന്റനൻസ്(സ്പിൽ ഓവർ)- ജനറൽ- അടങ്കൽ-400000, (മെയിന്റനൻസ് ഫണ്ട്-നോൺ-റോഡ്- 300009) |
|---|---|---|
| 1 | അടങ്കൽ - | 400000/- |
| 2 | PAC- | 295041/- |
| 3 | കരാറുകാരൻ - | കാസിം.എസ്. |
| 4 | സാങ്കേതികാനുമതി | 125086/22.11.21 |
| 5 | എഗ്രിമെന്റ് നം.: | 75/AE/LSGD/Ayilur/2021-22/dt. 5.2.22<br>11 മാസം |
| 6 | ബിൽ നം. | 25/15.10.22- 169953/-<br>43/9.3.23 - 130056/- |

| | | |
|---|---|---|
| 7 | എം.ബുക്ക് നം. | 75(1), 75(2)/21-22 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 4.1.23 |
| 9 | പൂർത്തീകരിച്ച തീയ്യതി | 16.2.23 |
| 10 | ഈടാക്കേണ്ടത് (1%) | 2950/- |
| 11 | ഈടാക്കിയത് | 0 |
| 12 | കുറവ് | 2950/- |
| | കുറിപ്പ് * പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരൻ അപേക്ഷ നൽകുകയോ, സപ്ലിമെന്ററിഎഗ്രിമെന്റ് വെക്കുകയോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചതായോ കാണുന്നില്ല. അനുവദനീയമായ പരിധിയിൽ അധികരിച്ച് കാലാവധി ദീർഘിപ്പിച്ച നൽകിയത് പൊതുമരാമത്ത് മാന്വലിന്റെ ലംഘനമാണ്. | |

(2)

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 17/23 – വിവിധ അംഗനവാടികളുടെ നവീകരണം<br>മെയിന്റനൻസ് - നോൺ-റോഡ്- (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 495000/- |
| 2 | PAC- | 349031/- |
| 3 | കരാറുകാരൻ - | ടി.കെ.ജോർജ് |
| 4 | സാങ്കേതികാനുമതി | 6240/20-21/16.2.21 |
| 5 | എഗ്രിമെന്റ് നം.: | 49/AE/LSGD/AYILUR /2021-22/dt. 7.12.21<br>6 മാസം |
| 6 | ബിൽ നം. | 24/15.10.22- 161452/-<br>52/21.3.23 - 144082/- |
| 7 | എം.ബുക്ക് നം. | 49/21-22, 49(1)/21-22 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 6.6.22 |
| 9 | പൂർത്തീകരിച്ച തീയ്യതി | 28.2.23 |
| 10 | ഈടാക്കേണ്ടത് (3%) | 10470/- |
| 11 | ഈടാക്കിയത് | 0 |
| 12 | കുറവ് | 10470/- |
| | കുറിപ്പ് * സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതിനാൽ കരാറുകാരൻ 27.2.23 വരെ പ്രവൃത്തി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ നൽകുകയും എന്നാൽ നിർവഹണോദ്യോഗസ്ഥൻ 6 മാസമാണ് ദീർഘിപ്പിച്ച നൽകിയിരിക്കുന്നത് ( 5.12.22 വരെ) (As Per Para 2212 Proforma For Time Extension). എന്നാൽ സപ്ലിമെന്റ് എഗ്രിമെന്റ് വെച്ചിരിക്കുന്നത് 27.2.23 തിയതിയിലുമാണ്. അനുവദിനീയമായ പരിധിയിൽ അധികരിച്ച് കാലാവധി ദീർഘിപ്പിച്ച നൽകിയത് പൊതുമരാമത്ത് മാന്വലിന്റെ ലംഘനമാണ്. | |

മതിയായ പിഴ ഈടാക്കാതെ പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച നൽകിയിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12 /23.8.2023) മറുപടി ലഭ്യമായില്ല. പിഴയിനത്തിൽ തനതുഫണ്ടിന് ലഭിക്കേണ്ട (10470 + 2950) 13420/- രൂപ ഫൈനൽ ബിൽ അനുവദിക്കുമ്പോഴും ഫൈൻ തുക ഈടാക്കാതെ കരാറുകാർക്ക് ബിൽ അനുവദിച്ച നൽകിയ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികൾ-പൊതു അവലോകനം

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ അംഗീകാരം ലഭിച്ച 132 പ്രവൃത്തികളിൽ 77 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. മൊത്തം അടങ്കൽ 65291279 രൂപയും ചെലവ് 24276461 രൂപയുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 58.33% പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 37.18% മാത്രമാണ് ചെലവഴിക്കാനായത്. മെയിന്റനൻസ് ഫണ്ട്-റോഡിനത്തിൽ മൊത്തം അടങ്കൽ 42324738 രൂപയും ചെലവ് 14909445 രൂപയുമാണ്. 35.22 ശതമാനം മാത്രമാണ് ചെലവ് ചെയ്തിരിക്കുന്നത്. സ്പിൽ ഓവർ പ്രവൃത്തികളിൽ 16 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മെയിന്റനൻസ് ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ പൂർണ്ണമായും വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 17.8.23 മുതൽ 25.8.23 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 2017-18 | 5225014 | ക്രമറ്റോറിയം | 4217031 | 1007983 |
| | 2017-18 | 1 | മിൽക് ഇൻസെന്റീവ് | 0 | 1 |
| | 2019-20 | 50666 | പാലിയേറ്റീവ് കെയർ | 50547 | 119 |
| | | 200000 | ലൈഫ് | 160000 | 40000 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, നെമ്മാറ | 2022-23 | 182300 | പാലിയേറ്റീവ് | 182300 | 0 |
| | | 390000 | ലൈഫ്-എസ്.സി | 390000 | 0 |
| | | 157653 | ലൈഫ്-ജനറൽ | 157653 | 0 |
| | | 395000 | ലൈഫ്-ജനറൽ | 395000 | 0 |
| | | 100000 | ലൈഫ്-ടി.എസ്.പി | 100000 | 0 |
| | | 944000 | ലൈഫ്-ടി.എസ്.പി | 944000 | 0 |
| | | 240000 | ലൈഫ്-എസ്.സി | 240000 | 0 |
| | | 500000 | പാലിന് സബ്സിഡി | 500000 | 0 |
| | | 299131 | പോഷകാഹാരം -ജനറൽ | 299131 | 0 |
| | | 200000 | സ്കോളർഷിപ്പ് | 200000 | 0 |
| | | 1537200 | ഉഴവ്കൂലി | 1537200 | 0 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2022-23 | 280000 | ലൈഫ്-എസ്.സി | 280000 | 0 |
| | | 620000 | ലൈഫ്-ജനറൽ | 620000 | 0 |
| | | 120000 | ലൈഫ്-ടി.എസ്.പി | 120000 | 0 |
| | | 690000 | ലൈഫ്-എസ്.സി | 690000 | 0 |
| | | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | | 80000 | സ്കോളർഷിപ്പ് | 80000 | 0 |
| | | 2219490 | ഉഴവ്കൂലി | 2219490 | 0 |
| ഗ്രാമപഞ്ചായത്ത്-നെല്ലിയാമ്പതി | 2018-19 | 200000 | ലൈഫ് പദ്ധതി | 160000 | 40000 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നല്കിയത്

| പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് | ഏജൻസി | റിമാർക്സ് |
|---|---|---|---|---|
| 086/23-പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1611480 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1200000 രൂപ Vr.no-XVFC/2022-23 /P/96, Dt 30-3-23 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ബാലൻസ് തുക ഒന്നും വിനിയോഗിക്കാൻ അവശേഷിക്കുന്നില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ | -- | 42120000 | 32178706 | -- | 4216380 | 27962326 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2019-20 | 1-25 (3) | 3896 | 122010101063/ 14-09-22 | അസി. എഞ്ചിനീയർ, LSGD |
| 2019-20 | 1-25 (5) | 3772 | 1220101064/ 14-09-22 | „ |
| 2019-20 | 1-25 (9) | 5999 | 122010101080/ 16-09-22 | „ |
| 2019-20 | 1-25 (4) | 4848 | 122010101125/ 24-09-22 | „ |
| 2020-21 | 1-39 | 278000 | 122010101169/ 30-09-22 | „ |

| | | | | |
|---|---|---|---|---|
| 2020-21 | 1-42 (3) | 1910 | 1220101059/<br>13-09-22 | ” |
| 2020-21 | 1-40 | 2753 | 1220100376/<br>24-05-22 | ” |
| | ആകെ | 3,01,178 | | |

ഓഡിറ്റ് റിക്കവറിയിനത്തിലെ 2,96,515/-രൂപ ഓഡിറ്റ് റിക്കവറി ശീർഷകത്തിലും 4663/- രൂപ 350300199 എന്ന ശീർഷകത്തിലുമാണ് വരവായിട്ടുള്ളത്.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2007-08 | 3-51-1 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്- ലക്ഷ്യം കൈവരിച്ചി ട്ടില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 19-7-2018 ലെ സിറ്റിംഗിൽ വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |
| 2016-17 | പൊതുവായ അവലോകനം | വസ്തു നികുതി (ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖ.2-1) | വിഷയം സമിതി പരിഗണിച്ചിട്ടില്ല. |
| 2016-17 | പൊതുവായ അവലോകനം | തൊഴിൽ നികുതി (ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖ.2-2, 2.3, 2.6 & 2015-16 ഖ.2-1) | വിഷയം സമിതി പരിഗണിച്ചിട്ടില്ല. |

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 79498662 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42475971 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഭാഗം 1 പ്രകാരമുള്ള നഷ്ടം | : | 13420/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ) ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരമുള്ള നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24(1) | 2950 | ശ്രീമതി.സിജി ജോസ്, അസി.എഞ്ചിനിയർ |
| 1-24(2) | 10470 | ശ്രീമതി.സിജി ജോസ്, അസി.എഞ്ചിനിയർ |

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിജി ജോസ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, അയിലൂർ ഗ്രാമപഞ്ചായത്ത് | പ്ലാക്കൽ ഹൗസ്, കീർത്തി നഗർ, നടത്തറ പി.ഒ., തൃശ്ശൂർ-678751 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കവാൻ അവശേഷിക്കുന്ന ഖണ്ഡിക |
|---|---|---|

| | | കളുടെ എണ്ണം |
|---|---|---|
| 1996-97 | LFP6-1121/99/6.1.2000 | 3 |
| 1997-98 | L.F.P10-486/2002/ 5.9.2002 | 4 |
| 1998-99 | LF.P13/417/3.12.2005 | 2 |
| 1999-2000 | L.F.P12-418/2005/ 3.12.2005 | 11 |
| 2000-2001 | L.F.P12-441/2006/ 16.10.2006 | 27 |
| 2001-2002 | L.F.P12-442A/2006/ 10.10.2006 | 7 |
| 2002-2003 | L.F.P18-1720(a)/25.6.2012 | 10 |
| 2003-2004 | L.F.P12-28/2007/ 12.9.2007 | 15 |
| 2004-2005 | L.F.P18-1720(b)/2008/ 25.6.2012 | 34 |
| 2005-2006 | L.F.p18-1720(c)/2008/ 25.6.2012 | 14 |
| 2006-2007 | L.F.P18-1063/12/5.6.12 | - |
| 2007-2008 | KSA-PKD18-96(A)/17/29.3.17 | 3 |
| 2008-2009 | L.F.P18-1065/12/15.6.12 | 2 |
| 2009-2010 2010-2011 | L.F.P18-76/13/23.3.13 | 4 |
| 2011-2012 | KSA-PKD18-421/2016/ 27.5.16 | 2 |
| 2012-13, 2013-14 & 2014-15 | KSA.PKD.18/465/16/25.06.16 | 18 |
| 2015-16 | KSA.PKD.18/22/17/6.01.17 | 3 |
| 2016-17 | നം.കെ.എസ്.എ-പികെഡി-പി18-1645/2017 /08.09.2017 | 23 |
| 2017-18 | നമ്പർ കെഎസ്എ പികെഡി18-281/2019 /26.03.2019 | 28 |
| 2018-19 | നം. കെ.എസ്.എ-പെികഡി18/1729/2019 | 27 |
| 2019-20 | നം. കെ.എസ്.എ-പെികഡി18/1365/21 | 23 |
| 2020-21 | നം. കെ.എസ്.എ-പെികഡി18/1366/ 21/28.12.21 | എല്ലാ ഖണ്ഡികകളും |
| 2021-22 | നം. കെ.എസ്.എ-പെികഡി18/108 /22/20.2.23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 30-06-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ayilur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ayilur Grama Panchayat for the year 2022-2023

Date: 26/10/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Ayilur Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. All e -payment amounts not credited to the e-payment account.

2.The following mandatory financial statements prescribed in accounting rules are not submitted for audit

Ratios

Notes to accounts

3. As per cash flow statement "Net increase/decrease in cash and cash equivalents of 2022-23 is Rs. 9235480.

But in the same statement "Net cash generated by Operating+Investing+Financing Activity is shown as Rs. 7670614.

Eventhough the figures should match, difference is not adjusted.

4. Lapses in making timely and accurate demand entries in respect of tax (eg. building tax)

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക ധനകാര്യപത്രിക - സംക്ഷിപ്തം

| Ayilur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3851188.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 237873.00 |
| 140000000 | Fee & User Charges | I-4 | 1032978.00 |
| 150000000 | Sale & Hire Charges | I-5 | 539837.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 169212767.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 591106.00 |
| 180000000 | Other Income | I-9 | 301181.00 |
| 190000000 | Prior Period Income | I-19 | -573954.00 |
| | Total Income | | 175766930.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 10522284.00 |
| 220000000 | Administrative Expenses | I-11 | 1972496.00 |
| 230000000 | Operations & Maintenance | I-12 | 1668262.00 |
| 240000000 | Interest & Finance Charges | I-13 | 3007.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11564329.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 42929869.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5950324.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 55787600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 33394146.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 2846544.00 |
| | Total Expenditure | | 166638861.00 |
| | Gross Surplus / Deficit of income over Expenditure | | 9128069.00 |
| | Gross Surplus / Deficit of income over Expenditure | | 9415200.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 286823.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -287131.00 |

| Ayilur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 27656436.00 |
| Cash | Cash | RP-40(a) | 130775.00 |

| | | | |
|---|---|---|---|
| | Operating | | |
| 110000000 | Tax Revenue | RP-1 | 783710.00 |
| 140000000 | Fees & User Charges | RP-4 | 884102.00 |
| 150000000 | Sale & Hire Charges | RP-5 | 524477.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14226000.00 |
| 171000000 | Interest Earned | RP-9 | 591106.00 |
| 210000000 | Establishment Expenses | RP-12 | 32.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 21489167.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 12086140.00 |
| 460000000 | Loans, Advances and Deposits | RP-49 | 40000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 296518.00 |
| 340000000 | Deposits Received | RP-33 | 463938.00 |
| 350000000 | Other Liabilities | RP-35 | 326261.00 |
| | Grand total | | 79498662.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 26500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 502069.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 13000141.00 |
| 460000000 | Loans, Advances and Deposits | RP-49 | 475719.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 684531.00 |
| 350000000 | Other Liabilities | RP-35 | 27787011.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 36973807.00 |
| Cash | Cash | RP-40(b) | 48884.00 |
| | Grand Total | | 79498662.00 |

| Ayilur Grama Panchayat BALANCE SHEET as on 31.03.2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 68086510.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 127069286.00 |
| | Total Reserve & Surplus | | 195155796.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18300860.00 |
| | Total Grants, Contributions for Specific Purposes | | 18300860.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 27962326.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 27962326.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 969686.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1599515.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2569201.00 |
| | TOTAL LIABILITIES | | 243988183.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 2691990.00 |
| 412000000 | Capital Work in Progress | B-11(b) | 2418943.00 |

| | | | |
|---|---|---|---|
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 150000.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 26386607.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 172175823.00 |
| 416000000 | Accumulated Depreciation | B-11(a) | -39174251.00 |
| | Total Fixed Assets | | 164649112.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 13000141.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 27962326.00 |
| 450000000 | Cash and Bank Balance | B-17 | 37022691.00 |
| 460000000 | Loans, Advances and Deposits | B-18 | 1353913.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 79339071.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 243988183.00 |

**Deputy Director**